# 107. ദാർശനികനായ നാരായണഗുരു

നോക്കൽ, കാണൽ, നോട്ടം, കാഴ്ച എന്നെല്ലാമാണ് 'ദർശനം' എന്ന വാക്കിൻെറ പ്രാഥമികമായ അർത്ഥം. 'വസ്തുക്കളെ നോക്കി നേടുന്ന യഥാർത്ഥ ജ്ഞാനം' എന്ന അർത്ഥം പിന്നീട് അതിനു കൈവന്നു. 'യഥാർത്ഥ ജ്ഞാനം നേടുന്നതിനുള്ള യുക്തിഭദ്രമായ ചിന്താപദ്ധതി' എന്നതുവരെ ഈ പദത്തിൻെറ അർത്ഥവ്യാപ്തി ചെന്നെത്തി. ഭാരതീയർ വികസിപ്പിച്ചെടുത്ത ഇത്തരം ആറു ചിന്താപദ്ധതികളാണ് ഷഡ്ദർശനങ്ങൾ. ദർശനം ഉള്ളവൻ, അല്ലെങ്കിൽ ദർശനത്തിൻെറ പ്രവർത്തകൻ, അത്രേ ദാർശനികൻ.

ശ്രീനാരായണഗുരുവിൻെറ ദർശനം, അതായതു് പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിച്ച അദ്ദേഹത്തിൻെറ ധാരണ എന്തായിരുന്നു? ഗുരുവിൻെറ കൃതികളിൽനിന്നും, പല സന്ദർഭങ്ങളിൽ പലരോടുമായി ഗുരു നടത്തിയ സംഭാഷണങ്ങളിൽനിന്നും വേണം ഈ ചോദ്യത്തിൻെറ ഉത്തരം നേടാൻ. നാരായണഗുരു രചിച്ച 'ദർശനമാല' എന്ന സംസ്കൃത ഗ്രന്ഥവും, 'ആത്മോപദേശശതകം' എന്ന മലയാളഗ്രന്ഥവും ഗുരുദേവദർശനത്തിൻെറ ഏറെക്കുറെ പര്യാപ്തമായ പ്രതിപാദനം ഉൾക്കൊള്ളുന്നു. ഗുരുവിൻെറ ഏതാനും ലഘുകൃതികളും, ഈ വിഷയത്തിൽ പറയത്തക്ക വെളിച്ചം നൽകുന്നവയായിയുണ്ടു്.

## ശങ്കരൻെറ ദർശനം

'ശങ്കരൻെറ ദർശനംതന്നെയാണ് എൻെറയും ദർശനം' എന്നു് നാരായണ ഗുരു പറഞ്ഞിട്ടുള്ളതായി നടരാജഗുരു രേഖപ്പെടുത്തിയിട്ടുണ്ടു്. ശങ്കരൻെറ ദർശനമെന്നാൽ അദ്വൈതദർശനമാകുന്നു. മനുഷ്യൻെറ എല്ലാ അനുഭവങ്ങളിലും രണ്ടു ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. അനുഭവപ്പെടുന്ന ബാഹ്യപ്രപഞ്ചമാണൊന്നു്; അനുഭവിക്കുന്ന ആന്തരികവ്യക്തിയത്രേ രണ്ടാമത്തെ ഘടകം. ഈ ഘടകങ്ങളിൽ ഒന്നായ ബാഹ്യപ്രപഞ്ചത്തെ അപഗ്രഥിച്ചു പഠിച്ചു് അതിലെ സൂക്ഷ്മനിയമങ്ങൾ കണ്ടെത്താനാണ് ഭൗതികശാസ്ത്രങ്ങളത്രയും യത്നിക്കുന്നതു്. അദ്വൈതദർശനമാകട്ടെ, ബാഹ്യപ്രപഞ്ചത്തെ അനുഭവിക്കുന്ന വ്യക്തിയെന്ന ഘടകത്തെപ്പററിയുള്ള അപഗ്രഥനപഠനങ്ങൾക്കാണു പ്രാധാന്യം നല്കുന്നതു്. ബാഹ്യപ്രപഞ്ചമെന്ന 'വിഷയ'ത്തെയും മനുഷ്യവ്യക്തിയെന്ന 'വിഷയി'യേയും, രണ്ടിനേയും സംബന്ധിച്ച പഠനങ്ങൾ ഉദ്ഗ്രഥിച്ചു് ഏകീകരിച്ചാൽ മാത്രമേ മനുഷ്യൻെറ അനുഭവങ്ങളെപ്പററി യഥാർത്ഥമായ ഒരു ചിത്രം ലഭിക്കുകയുള്ളൂ എന്നതു പ്രകടമാകുന്നു.

## പ്രപഞ്ചത്തെപ്പററിയുള്ള അറിവ്

പ്രപഞ്ചത്തെപ്പററിയുള്ള അറിവു് നമുക്കു ലഭിക്കുന്നതു് കണ്ണു്, ചെവി, മൂക്കു്, നാവു്, തൊലി എന്നീ അഞ്ചു ജ്ഞാനേന്ദ്രിയങ്ങളിൽക്കൂടിയാകുന്നു. പക്ഷേ, ആനയെക്കണ്ട അന്ധന്മാർ എന്നപോലെ ഈ ഇന്ദ്രിയങ്ങൾ ഓരോന്നും പ്രപഞ്ചത്തിൻെറ ഭാഗികജ്ഞാനമേ നമുക്കു നൽകുന്നുള്ളു. ഒരു പൂവിനെ നാം കാണുമ്പോൾ, സംഭവിക്കുന്നതു് എന്താണ്? പൂവിൻെറ നിറവും ആകൃതിയും നാം കണ്ണുകൊണ്ടു കാണുന്നു. അതിൻെറ മണം

മൂക്ക് നമുക്ക് മനസ്സിലാക്കിത്തരുന്നു. തൊട്ടാൽ, അതിന്റെ ഇതളുകളുടെ മാർദവം തൊലി നമ്മെ അറിയിക്കുന്നു. ഇന്ദ്രിയങ്ങളിലൂടെ പൂവിന്റെ നിറം, ആകൃതി, മണം, മാർദവം എന്നീ ഗുണങ്ങളല്ലാതെ പൂവിനെ നാം അനുഭവിക്കുന്നില്ല. ഈ ഗുണങ്ങളെല്ലാം ഇണങ്ങിയ 'പൂവ്' എന്ന വസ്തു പിറക്കുന്നതു് നമ്മുടെ സങ്കല്പത്തിലാകുന്നു. ഉദ്ഗ്രഥിതമായ ഈ സങ്കല്പത്തെ ഉളവാക്കുന്ന ആന്തരമായ ഇന്ദ്രിയത്തെ നാം 'മനസ്സ്' അല്ലെങ്കിൽ 'അന്തഃകരണം' എന്നു പറയുന്നു. ഇന്ദ്രിയങ്ങൾ തരുന്ന സ്പെയർപാർട്ടുകൾ ഉപയോഗപ്പെടുത്തിയും, ഇന്ദ്രിയങ്ങൾ തരാത്ത സ്പെയർപാർട്ടുകൾ സ്വയം വാർത്തെടുത്തും, മനസ്സു സൃഷ്ടിക്കുന്ന വസ്തുക്കളടങ്ങിയതാണു് നമ്മുടെ ഓരോരുത്തരുടെയും ഭൗതികപ്രപഞ്ചം. ഈ പ്രപഞ്ചത്തിൽ നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗ്രഹിക്കാനാവാത്ത പലതും ഉണ്ടെന്നും, അവയും പ്രധാനങ്ങൾതന്നെ എന്നും, ഇന്നു നമുക്കറിയാം. എക്സ്റേകൾ, അൾട്രാവയലററ്—ഇൻഫ്രാറെഡ് രശ്മികൾ, കാന്തമണ്ഡലം, ആകർഷണശക്തി മുതലായ പലതും ഇന്ദ്രിയഗ്രാഹ്യങ്ങളല്ല; പക്ഷേ, മനുഷ്യൻ സൃഷ്ടിച്ച ചില ഉപകരണങ്ങൾക്കു് ഈ പ്രതിഭാസങ്ങളുടെ ഫലനം രേഖപ്പെടുത്താൻ കഴിയും. ഇതിനർത്ഥം, സാക്ഷാൽ പ്രപഞ്ചത്തിന്റെ ഏതാനും അംശംമാത്രമേ നമ്മുടെ അനുഭവപ്രപഞ്ചം ഉൾക്കൊള്ളുന്നുള്ളു എന്നാണു്.

## മനഃകല്പിതം

ഇന്ദ്രിയങ്ങൾ നമുക്കു തരുന്ന ഭാഗികങ്ങളായ അനുഭൂതികൾതന്നെ പ്രപഞ്ചത്തിന്റെ ശരിയായ പ്രതിഫലനമായിക്കൊള്ളണമെന്നില്ല. ഇന്ദ്രിയാനുഭവങ്ങളിൽ യഥാർത്ഥങ്ങളായവപോലെ അയഥാർത്ഥങ്ങളായവയും ഉണ്ടു്. ഇന്ദ്രിയങ്ങളുടെ വൈകല്യം അനുഭവവൈകല്യത്തിനു കാരണമാകാറുണ്ടു്. ഇരുട്ടിൽ കയർ പാമ്പായി തോന്നുന്നു. തീക്കൊള്ളി ചുഴററുമ്പോൾ അഗ്നിചക്രം കണ്ണിൽപ്പെടുന്നു. ഫിലിമിലെ ഒററയൊററ പടങ്ങൾ പ്രൊജക്റ്റ്ചെയ്യുമ്പോൾ നാം ചലനപരമ്പര കാണുന്നതായി കരുതുന്നു. ഇവിടെയൊക്കെ നാം സാക്ഷാത്കരിക്കുന്നതു് യഥാർത്ഥ പ്രപഞ്ചത്തെയല്ല. അഥവാ നമ്മുടെ സാക്ഷാത്കാരം യഥാർത്ഥാനുഭവമല്ല. അയഥാർത്ഥമായ, ഭ്രമാത്മകമായ, അനുഭവങ്ങളാണിവ. ഈ ഭ്രമാനുഭവങ്ങൾക്കു വിഷയമായ പ്രപഞ്ചത്തെ, അതായതു് രജ്ജുസർപ്പം, ശുക്തിരജതം മുതലായവയെ, അദ്വൈതവേദാന്തികൾ 'പ്രാതിഭാസികം' എന്നു വിളിക്കുന്നു. നാം ശരിയെന്നു കരുതിപ്പോരുന്ന അനുഭവങ്ങൾ അടങ്ങിയ പ്രപഞ്ചത്തിനു് 'വ്യാവഹാരികം' എന്നും അവർ പേരിട്ടിരിക്കുന്നു. വ്യാവഹാരികപ്രപഞ്ചംപോലും ഏറെക്കുറെ മനഃകല്പിതമാണെന്നു് മുമ്പു പറയുകയുണ്ടായല്ലോ.

ഉണർന്നിരിക്കുമ്പോഴാണു് മനുഷ്യനു ബാഹ്യ (വ്യാവഹാരിക) പ്രപഞ്ചത്തെപ്പററി ബോധം ഉണ്ടാകുന്നതു്. എന്നാൽ, ഉണർന്നിരിക്കൽ, അഥവാ ജാഗ്രദവസ്ഥ മാത്രമല്ല മനുഷ്യനുള്ളതു്. സ്വപ്നം കാണാത്ത മനുഷ്യരില്ല. ജാഗ്രദവസ്ഥയിൽ വ്യാവഹാരികപ്രപഞ്ചം യഥാർത്ഥമായിരിക്കുംപോലെ സ്വപ്നാവസ്ഥയിൽ സ്വാപ്നപ്രപഞ്ചവും യഥാർത്ഥംതന്നെ. ഉണർന്നിരിക്കുമ്പോൾ പാമ്പിനെക്കണ്ടു പേടിച്ച ആൾക്കു വിറയലും വിയർപ്പും ഉണ്ടാകുന്നതുപോലെ, സ്വപ്നത്തിൽ പാമ്പിനെ കണ്ടു പേടിച്ചവനും വിറയലും വിയർപ്പും ഉണ്ടാകുന്നുണ്ടല്ലോ. ഇതിനർത്ഥം, സ്വപ്നാവസ്ഥയിൽ സ്വാപ്നപദാർത്ഥങ്ങൾ അഥവാ, യഥാർത്ഥങ്ങൾ ആണെന്നത്രെ. കാര്യകാരിതയല്ലാതെ എന്താണു് യാഥാർത്ഥ്യം?

# ആത്മാവ് ജ്ഞാനസ്വരൂപം

സ്വാപ്നപദാർത്ഥങ്ങൾ എവിടെനിന്നുവന്നു? 'മനസ്സിൽ നിന്ന്'' എന്നേ ഉത്തരം പറയാനൊള്ളു. പക്ഷേ, വിത്തിൽനിന്നു ചെടി മുളയ്ക്കുംപോലെ, മനസ്സിൽനിന്നു മറ്റൊരു സ്വാപ്നവസ്തു ഉണ്ടാകുന്നില്ല. മനസ്സിന്റെ ഒരു പരിണാമംമാത്രം. അതായതു മനസ്സുതന്നെയാണു സ്വാപ്നപദാർത്ഥം. മനസ്സിനെ കാണാൻ മനസ്സിനു സാധ്യമല്ല. കണ്ണ് കണ്ണിനെത്തന്നെ കാണാറില്ലല്ലോ. അതിനാൽ മനസ്സാകുന്ന സ്വാപ്നപദാർത്ഥത്തെ കാണുന്ന മറ്റൊരു ഘടകം ഉണ്ടെന്നുവരുന്നു. ഈ ഘടകമത്രേ ആത്മാവ്, ആത്മാവ് ജ്ഞാനസ്വരൂപമാകുന്നു. അതിനു ഭൗതികപ്രപഞ്ചത്തിൽ സാദൃശ്യമുള്ളതു വെളിച്ചത്തോടാണ്. സ്വപ്നാവസ്ഥയിലുള്ള അനുഭവങ്ങളിലെന്നപോലെ, ജാഗ്രദവസ്ഥയിലുള്ള അനുഭവങ്ങളിലും പ്രപഞ്ചം, ഇന്ദ്രിയങ്ങൾ, മനസ്സ് എന്നിവയ്ക്കൊപ്പം ആത്മാവെന്ന ഘടകവും കലർന്നിരിക്കുന്നു.

ജാഗ്രത്ത്, സ്വപ്നം എന്നീ അവസ്ഥകൾക്കുപുറമേ സുഷുപ്തി (ഉറക്കം) എന്ന ഒരു അവസ്ഥകൂടി എല്ലാ ജീവികൾക്കുമുണ്ട്. ഉറങ്ങുമ്പോൾ നമുക്കു ബാഹ്യ(വ്യാവഹാരിക)പ്രപഞ്ചത്തിന്റെയോ, മനഃകല്പിതങ്ങളായ സ്വാപ്നപദാർത്ഥങ്ങളുടെയോ അനുഭവമില്ല. എങ്കിലും സുഷുപ്തി തികച്ചും അനുഭവരഹിതവും (അബോധവും) അല്ല. ഉറക്കം കഴിഞ്ഞ് എഴുന്നേല്ക്കുമ്പോൾ 'ഞാൻ സുഖമായി ഉറങ്ങി' എന്ന ധാരണ എല്ലാവർക്കുമുണ്ട്. ഈ സുഷുപ്ത്യാനുഭവത്തിലും 'സുഖം' എന്ന വിഷയവും 'ഞാൻ' എന്ന വിഷയവും അടങ്ങിയിരിക്കുന്നു. ഇതിലെ 'ഞാൻ' ആത്മാവുതന്നെ.

ജാഗ്രദവസ്ഥയിൽ വ്യാവഹാരികപ്രപഞ്ചം നമുക്ക് അനുഭവപ്പെടുന്നു. ഈ അനുഭവത്തിൽ കുറേ ആപേക്ഷികസത്യമുണ്ടാവാം: കുറേ അസത്യം അഥവാ ഭ്രമംകൂടിയും അതിൽ കലർന്നിരിക്കാം. സ്വപ്നാവസ്ഥയിൽ നമുക്ക് അനുഭവപ്പെടുന്ന സ്വാപ്നപ്രപഞ്ചം, വ്യാവഹാരികമായ വീക്ഷണത്തിൽ തികച്ചും അസത്യമാണ്. സുഷുപ്ത്യവസ്ഥയിൽ അനുഭവപ്പെടുന്ന സുഖം സത്യംതന്നെ. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്ന് ഈ മൂന്ന് അവസ്ഥകളും എല്ലാ മനുഷ്യർക്കും ഉള്ളവയാണ്. ഇവയ്ക്കു പുറമെ നാലാമത്ത് ഒരവസ്ഥകൂടി മനുഷ്യർക്ക് ഉള്ളതായി ഭാരതീയദർശനങ്ങൾക്ക് ആധാരമായ ഉപനിഷത്തുകൾ എന്ന ഗ്രന്ഥങ്ങൾ പറയുന്നു. ഈ അവസ്ഥയിൽ മനുഷ്യന്റെ അനുഭവത്തിൽ വിഷയം ഒന്നും ഉണ്ടായിരിക്കയില്ല. വിഷയി (വ്യക്തിയുടെ ആത്മാവ്) മാത്രമാണ് ആ അനുഭവത്തിലുള്ളത്. ഈ അനുഭവത്തെ 'സച്ചിദാനന്ദഘനം' (ഉണ്മ, അറിവ്, ആനന്ദം എന്നിവയുടെ സാന്ദ്രീഭാവം) ആയി അനുഭവസ്ഥന്മാർ വിവരിക്കുന്നു. മറ്റൊരു വിധത്തിലും വിവരിക്കാനാവാത്ത ഈ അനുഭവം നല്കുന്ന അവസ്ഥയെ 'തുരീയാവസ്ഥ' (നാലാമത്തെ അവസ്ഥ) എന്നു വിളിക്കുന്നു. തുരീയാവസ്ഥയിലെ അനുഭവമത്രേ 'പാരമാർത്ഥിക' സത്യം.

തുരീയാവസ്ഥയിൽ ആത്മാവ് ആത്മാവിനെത്തന്നെ അനുഭവിക്കുന്നു. ഈ അനുഭവത്തിൽ മനസ്സുപോലും വിഷയമാകുന്നില്ല. ഇന്ദ്രിയഗ്രാഹ്യമായ ബാഹ്യപ്രപഞ്ചത്തിന്റെ കഥ പറയുകയും വേണ്ട. മൂന്നാമത്തേതായ സുഷുപ്ത്യവസ്ഥയിൽ ആത്മാവ് 'സുഖ'ത്തെ അനുഭവിക്കുന്നു. ആത്മാവിന്റെ സ്വഭാവമായ ആനന്ദത്തിന്റെ ഒരു ചെറിയ അംശമത്രേ ഈ സുഖം. സുഷുപ്ത്യവസ്ഥയിലും പ്രപഞ്ചം അനുഭവവിഷയമാകുന്നില്ല. രണ്ടാമത്തെ അവസ്ഥയായ സ്വപ്നത്തിൽ ആത്മാവ് മനസ്സിന്റെ പരിണാമങ്ങളെ അനുഭവിക്കുന്നു. ഇവിടെയും ബാഹ്യപ്രപഞ്ചത്തിനു വളരെയൊന്നും പ്രസക്തിയില്ല. ബാഹ്യപ്രപഞ്ചം പ്രസക്തമാകുന്നത് ഒന്നാമത്തേതായ ജാഗ്രദവസ്ഥയിൽ മാത്രമാകുന്നു.

ജാഗ്രദവസ്ഥയിൽ അനുഭവഗോചരമാകുന്ന വ്യാവഹാരികപ്രപഞ്ചത്തിന്റെ സ്വഭാവം എന്താണ്? നമ്മുടെ അനുഭവത്തിലുള്ള പ്രപഞ്ചത്തെപ്പററിയേ നമുക്ക് അറിഞ്ഞുകൂടൂ. ഈ അനുഭവത്തിന്റെ വളരെ വലിയ ഒരംശം മാനസികമായ സങ്കല്പമാണെന്ന്, പൂവിന്റെ ദൃഷ്ടാന്തം കാണിച്ച് മുമ്പു പറയുകയുണ്ടായി. ദൃഷ്ടാന്തങ്ങൾ എത്ര വേണമെങ്കിലും വർദ്ധിപ്പിക്കാം. കലം, കുടം, ചട്ടി മുതലായ പല പേരിൽ പ്രത്യക്ഷപ്പെടുന്ന പല മൺപാത്രങ്ങളെല്ലാം സത്യത്തിൽ മണ്ണുമാത്രമാണെന്നതിൽ സംശയം ആർക്കുമുണ്ടാവില്ല. മണ്ണ് എന്നാൽ,എന്താണ്? അവസാനവിശകലനത്തിൽ മണ്ണും, വെള്ളവും, വായുവും, ഭൗതികപ്രപഞ്ചമാകെ, പരമാണുക്കളാകുന്നു. പരമാണുക്കളെ ഇനിയും അപഗ്രഥിക്കുമ്പോൾ നാം എത്തിച്ചേരുന്നതു ബലക്ഷേത്രങ്ങളിലാണ് (fields of forces). പ്രപഞ്ചത്തിനാധാരമായതു് ആകർഷണം, വിദ്യുത്കാന്തികത, പരമാണുവിന്റെ ഘടകങ്ങളെ പരസ്പരം യോജിപ്പിച്ചുനിർത്തുന്ന പ്രബലബലം (strong force), അണുഭേദനത്തിലൂടെ പ്രകടമാകുന്ന ദുർബലബലം (weak force) എന്ന നാലു ബലങ്ങളാണെന്നും, ഈ നാലു ബലങ്ങളും യഥാർത്ഥത്തിൽ ഒന്നു തന്നെയാണെന്നും ആധുനിക ഭൗതികശാസ്ത്രം സിദ്ധാന്തിക്കുന്നുണ്ട്. ഇതത്രെ ഏകീകൃതക്ഷേത്രസിദ്ധാന്തം (യൂണിഫൈഡ് ഫീൽഡ് തിയറി).

പ്രപഞ്ചാധാരമായ ഏക വസ്തു ആത്മാവാണെന്ന് അദ്വൈതവേദാന്തികൾ പറയുന്നു. ആത്മാവിനെ ഒരു 'വസ്തു' എന്നു പറഞ്ഞുകൂടാ. അതു മുമ്പു പറഞ്ഞപോലെ ഉണ്മ, ബോധം, ആനന്ദം എന്നിവയുടെ സാന്ദ്രീഭാവമാണ്. ആകാശംപോലെ അതു് എങ്ങും നിറഞ്ഞുനിൽക്കുന്നു. അതൊന്നേയുള്ളു; മറെറാന്നില്ല. പക്ഷേ, ഈ പാരമാർത്ഥികസ്ഥിതി തുരീയാവസ്ഥയിൽ മാത്രമേ നമുക്ക സാക്ഷാത്കരിക്കാനാവൂ.

ജാഗ്രദവസ്ഥയിൽ വ്യാവഹാരികപ്രപഞ്ചം നമുക്ക് അനുഭൂതമാകുന്നുണ്ട്. പ്രാതിഭാസികാനുഭവംപോലെതന്നെ യഥാർത്ഥമെന്നോ, അയഥാർത്ഥമെന്നോ പറഞ്ഞുകൂടാത്ത ഒന്നാണ് ഈ വ്യാവഹാരികാനുഭവം. കാരണം, വ്യാവഹാരികാനുഭവത്തിനും യഥാർത്ഥത്തിൽ വിഷയമാകുന്നതു് ആത്മാവാണ്; അതു് ഉള്ളതുമാണ്. പക്ഷേ, ആത്മാവിൽ അനുഭവപ്പെടുന്ന വിചിത്രവും നാമരൂപാത്മകവുമായ പ്രപഞ്ചത്തിനു് യഥാർത്ഥത്തിൽ അതായതു് ജാഗ്രത്ത് എന്ന ഒരവസ്ഥയൊഴിച്ച് മററു മൂന്ന് അവസ്ഥകളിൽ ഉണ്മയില്ല. ഉള്ള കയറിൽ ഇല്ലാത്ത പാമ്പിനെ കാണുമ്പോലെയാണ് ഉള്ള ആത്മാവിൽ നാം ഇല്ലാത്ത പ്രപഞ്ചത്തെ സാക്ഷാല്ക്കരിക്കുന്നതു്. ഈ സാക്ഷാല്ക്കാരത്തെ അദ്ധ്യാരോപം, അദ്ധ്യാസം എന്നെല്ലാം വിളിക്കുന്നു. എല്ലാ ആഭരണങ്ങളിലും മൂല്യവത്തായ അംശം സ്വർണമാണെന്ന് അറിയുന്ന ബാങ്കർ വളയിലും തളയിലും ചങ്ങലയിലും മോതിരത്തിലും കമ്മലിലുമെല്ലാം ഒരേ സ്വർണത്തെ കാണുന്നതുപോലെ, യാഥാർത്ഥ്യമറിഞ്ഞ ജ്ഞാനി ഈ പ്രപഞ്ചത്തിലെല്ലാം കാണുന്നതു് ഒരേയൊരു ആത്മചൈതന്യത്തെയാണ്. രജ്ജുസർപ്പംപോലെയുള്ള പ്രാതിഭാസികവസ്തുവിനും, പ്രപഞ്ചത്തിൽ നാം കാണുന്ന വ്യാവഹാരിക വസ്തുക്കൾക്കും തമ്മിൽ യഥാർത്ഥത്തിൽ വലിയ വ്യത്യാസമില്ല.

## പ്രപഞ്ചം എന്ന പ്രതിഭാസം

ആത്മാവ് ഒന്നേയുള്ളു. ഒരേ സൂര്യൻ പല കണ്ണാടിത്തുണ്ടുകളിൽ വെവ്വേറെ പ്രതിഫലിക്കുംപോലെ, ഒരേ ആത്മാവ് പല വ്യക്തികളിൽ വേറെ വേറെയായി കാണപ്പെടുന്നു. ഇവയത്രെ ജീവാത്മാക്കൾ. കണ്ണാടികൾ നീക്കിയാൽ പിന്നെ സാക്ഷാൽ സൂര്യൻമാത്രം അവശേഷിക്കുന്നതുപോലെ വ്യക്തിത്വത്തിന്റെ ഘടകങ്ങളായ അഹങ്കാരം, അന്തഃകരണം,

പഞ്ചേന്ദ്രിയങ്ങൾ കർമകർമേന്ദ്രിയങ്ങൾ, വാസനകൾ മുതലായവ അടങ്ങിയ സൂക്ഷ്മശരീരം നീക്കിക്കളഞ്ഞാൽ വ്യക്തിയിൽ ഒരേ പരമാത്മാവുമാത്രം അവശേഷിക്കുന്നു.

വ്യക്തിത്വത്തിന്റെ ഈ ഘടകങ്ങൾ, ഈ സൂക്ഷ്മശരീരം എങ്ങനെയുണ്ടായി; ആത്മാവു സ്വന്തം മായാശക്തിയാൽ തന്നിൽനിന്നുതന്നെ ഇതെല്ലാം സൃഷ്ടിച്ചതായിരിക്കാം. ഏതായാലും പ്രപഞ്ചം എന്ന ഈ പ്രതിഭാസം അനാദികാലംമുതൽ ഇങ്ങനെ തുടരുന്നുണ്ടു്. അതുണ്ടായതു് എന്നു്? എങ്ങനെ? എന്തിനു്? ഈ അന്വേഷണങ്ങൾക്കൊന്നും പര്യാപ്തമായ ഉത്തരം കിട്ടുകയുണ്ടാവില്ല. മാത്രമല്ല, അത്തരം അന്വേഷണത്തിനു വലിയ ഫലവുമില്ല. നമ്മെ സംബന്ധിച്ചിടത്തോളം ഈ മായാവലയത്തിൽനിന്നു മോചനം സാദ്ധ്യമാണു് എന്നതത്രെ മുഖ്യം. ജ്ഞാനം, കർമം, ഭക്തി എന്നീ യോഗങ്ങളിലൂടെയും രാജയോഗസാധനയിലൂടെയും ഈ മോചനം നേടിയെടുക്കാൻ ആർക്കും കഴിയും. ഇതിനാണു താനും എല്ലാവരും യത്നിക്കേണ്ടതു്.

## അദ്വൈതസിദ്ധാന്തം

ഇതാണു ചുരുക്കത്തിൽ അദ്വൈതത്തിന്റെ കാഴ്ചപ്പാടു്. ശങ്കരാചാര്യർ ശ്രുതിസ്മൃതികളെ ആധാരമാക്കിയും യുക്തിചിന്തയിലൂടെയും പ്രതിപാദിച്ച അദ്വൈതസിദ്ധാന്തം ഏറെക്കുറെ ഇതാണു്. അദ്വൈതികൾക്കിടയിൽത്തന്നെ പല വിശദാംശങ്ങളെ സംബന്ധിച്ചും അഭിപ്രായഭേദങ്ങളുണ്ടു്. നാരായണഗുരു, സ്ഥൂലമായി പറഞ്ഞാൽ, ഈ സിദ്ധാന്തമാണു തന്റെ കൃതികളിൽ ആവിഷ്കരിച്ചിട്ടുള്ളതു്.

ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി, തുരീയം എന്ന നാലു് അനുഭവമേഖലകളുള്ളവയിൽ, നാലാമത്തേതിൽ ഊന്നുകയാണു് അദ്വൈതാചാര്യന്മാർ ചെയ്തതു്. ഇതിനു് അർത്ഥം മററു മൂന്നു് അനുഭവമേഖലകളേയും അവർ അവഗണിച്ചുവെന്നല്ല. സുഷുപ്തിയെയും സ്വപ്നത്തെയുംപററി ഏറെയൊന്നും പറയാനില്ല. എന്നാൽ, ജാഗ്രദവസ്ഥയ്ക്കു വലിയ പ്രാധാന്യമുണ്ടു്. ജാഗ്രദവസ്ഥയിൽ നാം വ്യാവഹാരികപ്രപഞ്ചത്തെ അനുഭവിക്കുന്നു. ഈ അനുഭവത്തിൽ വളരെ വലിയ ഒരംശം സങ്കല്പസൃഷ്ടമാണെന്നതു ശരിതന്നെ. എങ്കിലും, ആ സങ്കല്പത്തിനും വേണം ചില ആധാരവസ്തുക്കൾ. അവയ്ക്കു വ്യാവഹാരികസത്യത്വവുമുണ്ടു്. പാപപുണ്യങ്ങളും ധർമാധർമങ്ങളും പ്രസക്തങ്ങളായിരിക്കുന്നതു വ്യാവഹാരികാവസ്ഥയിലാണു്. വ്യാവഹാരികാവസ്ഥയിൽ മനുഷ്യൻ അനുഷ്ഠിക്കുന്ന കർമങ്ങളാണു ബന്ധത്തിനോ, മോക്ഷത്തിനോ കാരണമാവുന്നതു്. വ്യാവഹാരികപ്രപഞ്ചത്തിൽ ഈശ്വരാർപ്പണബുദ്ധിയോടെ ഫലേച്ഛയില്ലാതെ ലോകസംഗ്രഹത്തിനുവേണ്ടി അനുഷ്ഠിക്കപ്പെടുന്ന സൽക്കർമങ്ങൾ മനുഷ്യവ്യക്തിയുടെ ചിത്തശുദ്ധിക്കു കാരണമായിത്തീരുന്നു. ശുദ്ധമായ ചിത്തത്തിൽ ക്രമേണ യഥാർത്ഥജ്ഞാനം ഉദിക്കുകയും അതിൻഫലമായി വ്യക്തി പരമാത്മാവിൽ വിലയിക്കുകയുംചെയ്യുന്നു. അതിനാൽ, വ്യാവഹാരികപ്രപഞ്ചത്തിൽ എങ്ങനെ പെരുമാറണമെന്നതും ദർശനങ്ങളുടെ ചിന്താവിഷയമായിരിക്കണം. ധർമശാസ്ത്രം (ethics) ദർശനങ്ങളുടെ അനപേക്ഷണീയ ഭാഗമായിത്തീരുന്നതു് അതുകൊണ്ടാണു്.

## യാഥാസ്ഥിതിക ഹിന്ദുമതം

വ്യാവഹാരികപ്രപഞ്ചത്തിൽ മനുഷ്യൻ എങ്ങനെ പെരുമാറണമെന്നതു സംബന്ധിച്ചു് ശങ്കരാചാര്യരുടെ അഭിപ്രായം യാഥാസ്ഥിതിക (സനാതന) ഹിന്ദുമതത്തിന്റേതുതന്നെയായിരുന്നു. വർണാശ്രമധർമങ്ങളിൽ

അധിഷ്ഠിതമാണ് യാഥാസ്ഥിതിക ഹിന്ദുമതം. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നു് നാലു വർണങ്ങളായി മനുഷ്യർ വിഭജിക്കപ്പെട്ടിരിക്കുന്നു, ഈ വർണങ്ങൾ ഓരോന്നിലും എത്രയെങ്കിലും ജാതികളും അവയുള്ളിൽ എത്രയെങ്കിലും ഉപജാതികളുമാവാം. ഈ വിഭാഗങ്ങൾ ഓരോന്നിലും പെട്ടവർ അനുഷ്ഠിക്കേണ്ട ധർമങ്ങൾ സ്മൃതികളിലൂടെയും ആചാരത്തിലൂടെയും വ്യവസ്ഥാപിതങ്ങളാണ്. അവ അനലംഘ്യങ്ങളുമാണ്. വർണധർമത്തിനാസ്പദം ജനനമാകുന്നു. അതായതു്, ഒരു വർണത്തിന്റെ ഒരു ഉപവിഭാഗത്തിൽ പിറക്കുന്നതുമൂലം വ്യക്തി ആ ഉപവിഭാഗത്തിൽപ്പെട്ടുപോകുന്നു. പിന്നീടു മരണംവരെ ആ ഉപവിഭാഗത്തിൽനിന്നു് അയാൾ പുറത്തു കടന്നുകൂടാ. ഒരു ഉപവിഭാഗത്തിലെ ഒരു വ്യക്തിക്കു മറ്റൊരു ഉപവിഭാഗത്തിന്റെ ആചാരങ്ങളും അനുഷ്ഠാനങ്ങളും സ്വീകരിക്കാൻ അധികാരമില്ല. ശൂദ്രൻ അനുഷ്ഠിക്കുമ്പോൾ ബ്രാഹ്മണധർമം അധർമമായിത്തീരുന്നു. ഇറച്ചിക്കടക്കാരന്റെ ധർമം നല്ല ഇറച്ചി വില്ക്കലാണ്. ഇറച്ചിക്കടക്കാരൻ ക്ഷേത്രത്തിൽ പൂജയ്ക്കു പുറപ്പെട്ടാൽ, ആ പൂജ അയാൾക്കു പാപമല്ലാതെ പുണ്യം നൽകുകയില്ല. അതേസമയം നല്ല ഇറച്ചി വില്ക്കുകയും, ഫലം കാംക്ഷിക്കാതെ ഈശ്വരാർപ്പണമായി തന്റെ പ്രവൃത്തി അനുഷ്ഠിക്കുകയുമാണെങ്കിൽ, ഇറച്ചിവില്പനയിലൂടെത്തന്നെ അയാൾക്കു ചിത്തശുദ്ധിയും മററു സദ്ഫലങ്ങളും കൈവരും.

ഒരു വർണത്തിൽപ്പെട്ട ഒരു പുരുഷൻ, തന്റേതിനെക്കാൾ ഉയർന്ന മറ്റൊരു വർണത്തിൽപ്പെട്ട സ്ത്രീയെ വിവാഹംചെയ്യുന്നതു നിഷിദ്ധമായി സനാതന ഹിന്ദുമതം കരുതി. കാരണം, വർണങ്ങൾ വിവാഹത്തിലൂടെ ഇടകലർന്നാൽ വർണവ്യവസ്ഥ തകർന്നുപോകും. അതിനാൽ, വർണസങ്കരത്തെ മഹാപാപമായാണ് സനാതന ഹിന്ദുമതം കണക്കാക്കിപ്പോന്നതു്. അപവാദങ്ങൾ അവിടവിടെ കണ്ടേക്കാമെങ്കിലും, സാമാന്യനിയമം ഇതായിരുന്നു.

## നാലു് ആശ്രമങ്ങൾ

ഓരോ വർണത്തിലുംപെട്ട വ്യക്തികളുടെ ജീവിതകാലത്തെ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്ന നാലു് ആശ്രമങ്ങൾ അഥവാ ഘട്ടങ്ങളായി സനാതന ഹിന്ദുമതം വിഭജിച്ചു. വ്യക്തികൾ ഓരോ പ്രായത്തിൽ കൈക്കൊള്ളേണ്ടവയാണ് ഈ ആശ്രമങ്ങൾ. അതാതു് ആശ്രമങ്ങൾക്കു പററിയ കർമങ്ങൾ സ്മൃതികളിലും മററും നിർവചിച്ചിട്ടുമുണ്ടു്. ഈ ആശ്രമങ്ങളിൽ ബ്രഹ്മചര്യം എല്ലാവർക്കും നിർബന്ധിതമാണ്. അതുകഴിഞ്ഞു ഭൂരിപക്ഷം ആളുകളും ഗാർഹസ്ഥ്യമെന്ന രണ്ടാം ആശ്രമത്തിൽ പ്രവേശിക്കുന്നു. വളരെയധികം വിരക്തിയുള്ളവർക്കു് ബ്രഹ്മചര്യത്തിൽനിന്നു നേരിട്ടു സന്യാസാശ്രമത്തിലേക്കു പോകാം. അധികം പേരും ഗാർഹസ്ഥ്യത്തിലിരുന്നുതന്നെ മരിക്കുന്നു. ഭൗതിക ജീവിതത്തിനാധാരം ഗൃഹസ്ഥാശ്രമമാകുന്നു. പ്രായപൂർത്തിയെത്തിയ മകനിൽ കുടുംബഭാരം സമർപ്പിച്ചു് ഭാര്യയോടൊപ്പം ലോകത്തിൽനിന്നു് ഒഴിഞ്ഞുമാറി ഗ്രന്ഥപാരായണത്തിലും ഈശ്വരചിന്തനത്തിലും മുഴുകുന്നവരാണ് വാനപ്രസ്ഥന്മാർ. ഇവർ അനുഷ്ഠിക്കേണ്ട ധർമങ്ങളും സ്മൃതികളിൽ വിവരിച്ചിട്ടുണ്ടു്. പൂർണവൈരാഗ്യംവന്നു സംസാരബന്ധങ്ങളെല്ലാം വിച്ഛേദിച്ചവർ സന്ന്യസിക്കുന്നു. സന്ന്യാസിയും ചില മര്യാദകൾ അനുഷ്ഠിക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതത്രെ, ചുരുക്കത്തിൽ ആശ്രമധർമം.

## വ്യത്യസ്ത നിലപാടുകൾ

വർണധർമത്തെ സംബന്ധിച്ചിടത്തോളം ശങ്കരാചാര്യരുടേതിൽനിന്നു തുലോം വ്യത്യസ്തമാണ് ശ്രീനാരായണഗുരുവിന്റെ നിലപാട്. ആരോപിതമായ ജാതിഭേദത്തെ ശങ്കരാചാര്യർ അംഗീകരിക്കുമ്പോൾ നാരായണഗുരു അതു് അംഗീകരിക്കുന്നില്ല. ജീവശാസ്ത്രപരമായ ജാതിയെ മാത്രമേ നാരായണഗുരു വകവെക്കുന്നുള്ളൂ. എല്ലാ മനുഷ്യവർഗങ്ങളും തമ്മിൽ പ്രത്യുല്പാദനം സാദ്ധ്യമാകയാൽ, എല്ലാ മനുഷ്യരും ഒരൊററ ജാതിയാണെന്ന ഗുരുവചനം പ്രസിദ്ധമാണല്ലോ. ജാതിഭേദമില്ലെങ്കിൽ വർണഭേദവുമില്ല. വർണഭേദമില്ലെങ്കിൽ വർണധർമങ്ങളുമില്ല. എല്ലാ മനുഷ്യർക്കും പൊതുവായ ഒരു സദാചാരസംഹിതയാണ് ഇതിന്റെ ഫലം. ഈ സാമാന്യ സദാചാരസംഹിതയ്ക്കു കീഴിൽ, സ്വന്തം വാസനകൾ അനുസരിച്ചുള്ള കർമങ്ങൾ വ്യക്തികൾക്കു തിരഞ്ഞെടുക്കാം. ബ്രാഹ്മണന്റെ പുത്രനായി പിറന്നവൻ ഇറച്ചിക്കച്ചവടം ചെയ്യുന്നതിലോ, ഇറച്ചിക്കടക്കാരന്റെ മകനോ, മകളോ വേദാദ്ധ്യയനംചെയ്യുന്നതിലോ യാതൊരു തെററുമില്ല. അനുഷ്ഠിക്കുന്ന ധർമം നിഷ്കാമവും ഈശ്വരാർപ്പിതവുമാകണമെന്നതാണു മുഖ്യം. നാരായണഗുരുവിന്റെ കാഴ്ചപ്പാട് ഇതത്രേ.

## ഗുരുവിന്റെ സന്ന്യാസ സങ്കല്പം

വർണധർമസങ്കല്പത്തെ എതിർത്തെങ്കിലും, നാരായണഗുരു ആശ്രമധർമസങ്കല്പത്തെ അനുകൂലിക്കുകയാണുണ്ടായതു്. പക്ഷേ, ആശ്രമങ്ങളെ സംബന്ധിച്ചിടത്തോളം, വാനപ്രസ്ഥാശ്രമം ആധുനികകാലത്തു് അപ്രസക്തമാണെന്നു് ഗുരു കരുതിയിരുന്നു. പുരുഷൻ ചുരുങ്ങിയതു് 24 വയസ്സുവരെയും, സ്ത്രീ ചുരുങ്ങിയതു് 16 വയസ്സുവരെയും ബ്രഹ്മചര്യാശ്രമം അനുഷ്ഠിക്കണമെന്നു് അദ്ദേഹം അനുശാസിച്ചു. ബ്രഹ്മചാരിയുടെയും ഗൃഹസ്ഥന്റെയും ധർമങ്ങൾ ഗുരു വിസ്തരിച്ചുതന്നെ പ്രതിപാദിക്കുന്നുണ്ടു്. അറുപതു വയസ്സായാൽ ഗൃഹസ്ഥൻ സന്ന്യസിക്കണമെന്നും, സ്ത്രീയും സന്ന്യാസത്തിനു് അധികാരിണിയാണെന്നും ഗുരു പറയുന്നു. സന്ന്യാസി ജ്ഞാനാഗ്നികൊണ്ടു പാപപുണ്യങ്ങൾ മുഴുവൻ ദഹിപ്പിച്ചു്, എപ്പോഴും ബ്രഹ്മചിന്തനത്തിൽ മുഴുകിയിരിക്കുകയും, അതേസമയം ലോകത്തിന്റെ നന്മയ്ക്കായി വിധിവിഹിതമായ കർമം തുടർന്നു ചെയ്യുകയും വേണമെന്നു് അദ്ദേഹം പറയുന്നു. ജീവന്മുക്തൻ, ബോധിസത്വൻ മുതലായ സങ്കല്പങ്ങളോടു് ഇണങ്ങുന്നതാണു് ഗുരുവിന്റെ സന്ന്യാസസങ്കല്പം. അദ്ദേഹത്തിന്റെ സന്ന്യാസി നിഷ്ക്രിയനല്ല; ലോകനന്മയ്ക്കുവേണ്ടി സന്ന്യാസി ഒട്ടുവളരെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടു്. ചുരുക്കത്തിൽ, ഗുരുവിന്റെ സാമൂഹ്യപ്രവർത്തനം അദ്ദേഹത്തിന്റെ സന്ന്യാസത്തിന്റെ ഉപോല്പന്നമാകുന്നു.

## നിരന്തരം കർമത്തിൽ മുഴുകി

ശ്രീനാരായണഗുരുവിന്റെ സാമൂഹ്യപ്രവർത്തനങ്ങൾക്കു് അടിസ്ഥാനം ഈ സന്ന്യാസസങ്കല്പമാകുന്നു. യഥാർത്ഥ ജ്ഞാനം നേടുകയും, പ്രപഞ്ചത്തിൽ എങ്ങും ബ്രഹ്മചൈതന്യംമാത്രം ദർശിക്കുകയും ചെയ്തിരുന്നപ്പോഴും, നാരായണഗുരു ലോകത്തിന്റെ നന്മയ്ക്കുവേണ്ടി നിരന്തരം കർമത്തിൽ മുഴുകി. മതങ്ങളിലെല്ലാം പൊതുവായി ചില സിദ്ധാന്തങ്ങൾ ഉണ്ടെന്നു് അദ്ദേഹം കണ്ടു. ഈ പൊതുസിദ്ധാന്തങ്ങളിൽ അദ്ദേഹം ഊന്നി. വ്യത്യസ്ത മതവിശ്വാസികൾ പുലരുന്ന കേരളത്തിൽ വാദിക്കാനും ജയിക്കാനും

അല്ലാതെ, അറിയാനും അറിയിക്കാനുമായി വിവിധ മതാനുയായികൾ പരസ്പരം അടുക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു. അദ്ദേഹത്തിന്റെ 'ഒരു മതം ഒരു ദൈവം' എന്ന സന്ദേശം, സാരാംശത്തിൽ ശങ്കരാചാര്യർ മുതലായ അദ്വൈത വേദാന്തികളുടേതുതന്നെയാണ്. 'സ്വേ സ്വേ കർമണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ' എന്ന ഗീതയുടെ ഉപദേശത്തിന്റെ കാലാനുസൃതമായ വ്യാഖ്യാനം തന്നെയാണതു്.

അതേസമയം ഗുരുവിന്റെ 'ഒരു ജാതി' എന്ന സന്ദേശം ശങ്കരാചാര്യർ വിശ്വസിച്ചിരുന്ന വർണവ്യവസ്ഥയ്ക്കു നിരക്കാത്തതാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ വർണവ്യവസ്ഥ പ്രസക്തമല്ല. ആ വ്യവസ്ഥയിൽ പ്രസക്തി സർവമാനവ സമത്വത്തിനു മാത്രമേയുള്ളു. ഇന്ത്യയിലെ ജാതി വ്യവസ്ഥയെന്നപോലെ പാശ്ചാത്യരുടെ വർഗവ്യവസ്ഥയും ജനാധിപത്യവ്യവസ്ഥിതിയിൽ ത്യാജ്യമത്രേ. ജനാധിപത്യവ്യവസ്ഥിതിയിൽ സ്വീകാര്യം 'ഒരു ജാതി' എന്ന ജൈവശാസ്ത്രദർശനം, അഥവാ നാരായണ ദർശനം, മാത്രമാകുന്നു.

(21 സെപ്തംബർ, 1983)

# 108. കാൾ മാർക്സ്

1883 മാർച്ച് 14—ാം തീയതിയാണ് കാൾ മാർക്സ് അന്തരിച്ചതു്. ഇക്കഴിഞ്ഞ മാർച്ച്മാസത്തിലായിരുന്നു അദ്ദേഹത്തിന്റെ ചരമശതാബ്ദി.

മാർക്സിന്റെ ജീവിതത്തിലെ മുഖ്യസംഭവങ്ങൾ സംക്ഷേപിക്കുക പ്രയാസമുള്ള കാര്യമല്ല. ജർമനിയിൽ, അന്ന് 'പ്രഷ്യ' എന്നറിയപ്പെട്ടിരുന്ന പ്രദേശത്തു്, 'ട്രിയർ' പട്ടണത്തിൽ, ഒരു ജൂതകുടുംബത്തിൽ, 1818 മെയ് 5—ാം തീയതി മാർക്സ് പിറന്നു. വക്കീലും, തത്ത്വശാസ്ത്രത്തിൽ അഭിരുചിയുള്ളവനുമായിരുന്ന പിതാവു്, മാർക്സ് പിറന്ന് ആറുവർഷം കഴിഞ്ഞപ്പോൾ, സകുടുംബം ക്രിസ്തുമതത്തിന്റെ പ്രോട്ടസ്റ്റന്റ് വിഭാഗത്തിലേക്കു പരിവർത്തനംചെയ്തു. 'ബോൺ', 'ബർലിൻ' എന്നിവിടങ്ങളിലെ സർവകലാശാലകളിൽ ചേർന്ന് മാർക്സ് ചരിത്രവും തത്ത്വശാസ്ത്രവും പഠിച്ചു. 'ഹേഗൽ' എന്ന ദാർശനികന്റെ കൃതികൾ ഈ യുവചിന്തകനെ അത്യന്തം ആകർഷിച്ചു. 1841—ൽ 'യേന' എന്ന നഗരത്തിലെ സർവകലാശാലയിൽനിന്ന് മാർക്സ് ഡോക്ടർബിരുദം നേടി.

ഹേഗലിന്റെ കൃതികൾ അഗാധമായും വിമർശനപരമായും അധ്യയനംചെയ്തതിൽനിന്ന്, മനുഷ്യചരിത്രം ആകസ്മികമായ ഒരു പ്രതിഭാസമല്ലെന്നും, തികച്ചും ഭൗതികങ്ങളായ ചില നിയമങ്ങളെ ആസ്പദിച്ചാണു ചരിത്രത്തിന്റെ വികാസമെന്നുമുള്ള, വിപ്ലവകരമായ, ഉൾക്കാഴ്ച മാർക്സിനു കൈവന്നു. വിദ്യാർത്ഥിയായിരിക്കെത്തന്നെ മാർക്സ് ജർമനിയിലെ സമകാല രാഷ്ട്രീയ സംഭവവികാസങ്ങളിൽ തല്പരനായിരുന്നു. ഉദാരമായ ജനാധിപത്യവീക്ഷണമാണ് രാഷ്ട്രീയകാര്യങ്ങളിൽ അന്ന് അദ്ദേഹത്തിനുണ്ടായിരുന്നതു്. അധ്യാപകനാകാൻ ആഗ്രഹിച്ചുവെങ്കിലും, രാഷ്ട്രീയവിശ്വാസങ്ങളുടെപേരിൽ മാർക്സിന് ആ ജോലി നിഷേധിക്കപ്പെട്ടു. അതിനാൽ, അദ്ദേഹം പത്രപ്രവർത്തനം തൊഴിലായെടുത്തു. 1842—ൽ 'കൊളോൺ' എന്ന നഗരത്തിൽ, 'റൈനിഷെ ത് സൈതുങ്' എന്ന പത്രത്തിന്റെ ലേഖകനും, തുടർന്ന് അതിന്റെ പത്രാധിപന്മാരിലൊരാളുമായി. പത്രപ്രവർത്തനം അദ്ദേഹത്തിന്റെ രാഷ്ട്രീയ താല്പര്യങ്ങളെ ഉദ്ദീപിപ്പിക്കുകയും, സമൂഹത്തിലെ താഴ്ന്ന വിഭാഗക്കാ